പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

03.05.2017-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1536

## പോക്സോ നിയമത്തിന്റെ പേരിൽ ആദിവാസികളെ ബലിയാടാക്കുവാൻ ശ്രമം

| ചോദ്യം<br>ശ്രീ. കെ. കൃഷ്ണൻ കുട്ടി | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി) |
|---|---|---|
| (എ) പോക്സോ നിയമത്തിന്റെ പേരിൽ ആദിവാസികളെ മാത്രം ബലിയാടാക്കുവാൻ ചില ചൈൽഡ് വെൽഫയർ കമ്മിറ്റികൾ ശ്രമിച്ചതായി സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | കരുതുന്നില്ല. വയനാട് ചൈൽഡ് വെൽഫയർ കമ്മിറ്റി മുൻപാകെ 22 ശൈശവ വിവാഹ കേസുകൾ റിപ്പോർട്ട് ചെയ്യുകയും ഇതിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട 2 പെൺകുട്ടികൾ സർക്കാർ നിർഭയ ഹോമിൽ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. |
| (ബി) ബാല വിവാഹം നടത്തുന്ന ഇതര വിഭാഗങ്ങൾക്കെതിരെ പ്രസ്തുത കമ്മിറ്റികൾ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; ശൈശവ വിവാഹത്തിന്റെ പേരിൽ ആദിവാസി വിഭാഗത്തിലും ഇതര വിഭാഗങ്ങളിലുംപ്പെട്ട എത്ര പേർ കേരളത്തിലെ വിവിധ ജയിലുകളിൽ ഉണ്ടെന്നു വ്യക്തമാക്കുമോ; ഇവരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം നൽകാമോ ;<br><br>(സി) ജാമ്യത്തിലെടുക്കാൻ ആളില്ലാത്തതിന്റെ പേരിൽ ആദിവാസി, പട്ടികജാതി, മുസ്ലീം വിഭാഗക്കാരായ എത്ര ആളുകൾ | (ബി) & (സി) | ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. ജയിലുകളിൽ ജാമ്യത്തിലെടുക്കാൻ ആളില്ലാത്തതിന്റെ പേരിൽ കഴിയുന്ന ആദിവാസി, പട്ടികജാതി, മുസ്ലീംവിഭാഗക്കാരായ തടവുകാരുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | കേരളത്തിലെ വിവിധ ജയിലുകളിൽ അധിക ജയിൽവാസം അനുഭവിക്കുന്നു എന്നതിന്റെ കണക്ക് വ്യക്തമാക്കുമോ ? | | |
| (ഡി) | പ്രസ്തുത വിഷയത്തെ ഒരു സാമൂഹിക മനുഷ്യാവകാശ പ്രശ്നമായി കണ്ട് എന്തെല്ലാം നടപടികളാണ് ചെയ്യാൻ ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇത്തരം സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പ് ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെക്കുറിച്ചും ശൈശവ വിവാഹ ത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവബോധം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി, എസ്.സി /എസ് റ്റി മോണിറ്ററിംഗ് കമ്മറ്റി എന്നീ പദ്ധതികളി ലൂടെ ആദിവാസി കോളനി സന്ദർശിച്ച് ഈ നിയമത്തെക്കുറിച്ചും സ്ത്രീ സുരക്ഷയെക്കുറിച്ചും ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഗൗരവകരമായ ഇടപെടലുകൾ നടത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജയിലിന്റെ പേര് | ആദി വാസി | പട്ടിക ജാതി | മുസ്ലീം വിഭാഗം |
|---|---|---|---|---|
| 1 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം തിരുവനന്തപുരം | 2 | 18 | 8 |
| 2 | ജില്ലാ ജയിൽ , തിരുവനന്തപുരം | 0 | 8 | 6 |
| 3 | സ്പെഷ്യൽ സബ് ജയിൽ തിരുവനന്തപുരം | 0 | 3 | 2 |
| 4 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം വിയ്യൂർ | 1 | 0 | 0 |
| 5 | വനിത ജയിൽ വിയ്യൂർ | 0 | 1 | 2 |
| 6 | ജില്ലാ ജയിൽ എറണാകുളം | 0 | 1 | 2 |
| 7 | സബ് ജയിൽ പീരുമേട് | 1 | 4 | 0 |
| 8 | ജില്ലാ ജയിൽ കോഴിക്കോട് | 0 | 1 | 1 |
| 9 | സബ് ജയിൽ പൊന്നാനി | 0 | 0 | 4 |
| 10 | സ്പെഷ്യൽ സബ് ജയിൽ മഞ്ചേരി | 1 | 0 | 13 |
| 11 | സബ് ജയിൽ കണ്ണൂർ | 1 | 0 | 2 |
| 12 | ജില്ലാ ജയിൽ മാനന്തവാടി | 12 | 0 | 5 |
| 13 | സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ് | 0 | 1 | 0 |
| 14 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം കണ്ണൂർ | 5 | 13 | 22 |
| | ആകെ | 23 | 50 | 67 |

സെക്ഷൻ ഓഫീസർ.